**കേരള സർക്കാർ**

**ധനകാര്യ (പെൻഷൻ-ബി) വകുപ്പ്**

**<u>പരിപത്രം</u>**

**നം.84/2023/ധന** **തീയതി, തിരുവനന്തപുരം, 23.08.2023**

വിഷയം:- ഇ-പെൻഷൻ പ്രപ്പോസലിനൊപ്പം പെൻഷണറുടെ ഡിസ്ക്രിപ്റ്റീവ് റോൾ & ഐഡന്റിഫിക്കേഷൻ പർട്ടിക്കുലേഴ്സ് രേഖകളുടെ പകർപ്പ് ട്രഷറിയ്ക്ക് സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- (1) സ.ഉ(അ) നം.120/2019/ധന തീയതി 30.08.2019.

(2) സ.ഉ(അ) നം.63/2020/ധന തീയതി 21.05.2020.

(3) പരിപത്രം നം.10/2021/ധന തീയതി 03.02.2021.

(4) 30.05.2023-ൽ ധനകാര്യ പ്രിസം വകുപ്പ് സംഘടിപ്പിച്ച യോഗ മിനുട്സ്.

പെൻഷണറുടെ ഡിസ്ക്രിപ്റ്റീവ് റോൾ & ഐഡന്റിഫിക്കേഷൻ പർട്ടിക്കുലേഴ്സിന്റെ രണ്ട് പകർപ്പ് ഫിസിക്കലായി പെൻഷൻ സാംഗ്ഷനിംഗ് അതോറിറ്റി / വകുപ്പ് തലവൻ / ഓഫീസ് മേലധികാരി സാക്ഷ്യപ്പെടുത്തി അവസാന ശമ്പള സർട്ടിഫിക്കറ്റിനോടൊപ്പം (LPC) ബന്ധപ്പെട്ട ട്രഷറിക്ക് നൽകേണ്ടതാണെന്ന് സൂചന (2) പ്രകാരം ഉത്തരവായിരുന്നു.

പ്രസ്തുത രേഖകളുടെ പകർപ്പ് നിശ്ചിത മാതൃകയിൽ ട്രഷറിയിൽ സമർപ്പിക്കാതെ ഇ-പെൻഷൻ ബുക്കിൽ നിന്ന് ഡിസ്ക്രിപ്റ്റീവ് റോൾ & ഐഡന്റിഫിക്കേഷൻ പർട്ടിക്കുലേഴ്സ് ഉൾപ്പെടുന്ന പേജുകൾ പ്രിന്റ് എടുത്ത് ട്രഷറിയ്ക്ക് സമർപ്പിക്കുന്നത് വഴി ടി രേഖകൾ പരിശോധിച്ച് പെൻഷണറെ തിരിച്ചറിയുന്നതിനു ബുദ്ധിമുട്ട് നേരിടുന്നത് പരിഹരിക്കുന്നതിനായി സൂചന (3) പ്രകാരം പെൻഷണറുടെ ഡിസ്ക്രിപ്റ്റീവ് റോൾ & ഐഡന്റിഫിക്കേഷൻ പർട്ടിക്കുലേഴ്സ് പെൻഷൻ സാംഗ്ഷനിംഗ് അതോറിറ്റി / വകുപ്പ് തലവൻ / ഓഫീസ് മേലധികാരി സാക്ഷ്യപ്പെടുത്തി അവസാന ശമ്പള സർട്ടിഫിക്കറ്റിനോടൊപ്പം (LPC) ബന്ധപ്പെട്ട ട്രഷറിക്ക് സമർപ്പിക്കേണ്ടതിന്റെ മാതൃക ലഭ്യമാക്കിയിരുന്നു.

പെൻഷൻ അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കുന്നതിനും പ്രോസസ് ചെയ്യുന്നതിനും പ്രിസം പോർട്ടലിൽ നിന്നുള്ള വിവരങ്ങൾ അടിസ്ഥാനമാക്കി പെൻഷൻ സംവിധാനത്തിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായി സൂചന (4) പ്രകാരം ചേർന്ന യോഗത്തിൽ, 2023 ഫെബ്രുവരി മുതൽ എ ജി പുറപ്പെടുവിക്കുന്ന PPO-യിൽ പ്രിസം പോർട്ടൽ വഴി ലഭ്യമാക്കുന്ന Pensioner’s photo, Joint photo, Specimen signature എന്നിവ

ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ Descriptive Roll and Identification Particulars-ന്റെ ഫിസിക്കൽ കോപ്പി ട്രഷറിയിൽ നൽകേണ്ടതില്ല എന്ന് തീരുമാനിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ, 2023 ഫെബ്രുവരി മുതൽ എ ജി പുറപ്പെടുവിക്കുന്ന PPO-യിൽ പ്രിസം പോർട്ടൽ വഴി ലഭ്യമാക്കുന്ന Pensioner's photo, Joint photo, Specimen signature എന്നിവ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ Descriptive Roll and Identification Particulars-ന്റെ ഫിസിക്കൽ കോപ്പി പെൻഷൻ സാംഗ്ഷനിംഗ് അതോറിറ്റി / വകുപ്പ് തലവൻ / ഓഫീസ് മേലധികാരി സാക്ഷ്യപ്പെടുത്തി അവസാന ശമ്പള സർട്ടിഫിക്കറ്റിനോടൊപ്പം (LPC) ബന്ധപ്പെട്ട ട്രഷറിക്ക് നൽകേണ്ടതില്ലായെന്ന് എല്ലാ പെൻഷൻ സാംഗ്ഷനിംഗ് അതോറിറ്റി / വകുപ്പ് തലവൻ / ഓഫീസ് മേലധികാരികൾക്കും നിർദ്ദേശം നൽകുന്നു.

ഇപ്രകാരം 03.02.2021-ലെ പരിപത്രം നം.10/2021/ധന ഭേദഗതി ചെയ്യുന്നു.

**ഷിബു എ.**
അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ് :-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
2. എല്ലാ പെൻഷൻ സാംഗ്ഷനിംഗ് അതോറിറ്റി / വകുപ്പ് തലവൻ / ഓഫീസ് മേലധികാരികൾക്കും.
3. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
4. എല്ലാ ജില്ലാ / സബ് ട്രഷറി ഓഫീസർമാർക്കും.
5. എല്ലാ വകുപ്പുകളിലേയും പ്രിസം നോഡൽ ഓഫീസർമാർ.
6. സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റർ, പ്രിസം.
7. നോഡൽ ഓഫീസർ, www.finance.kerala.gov.in
8. കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (ഇ-2484082)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ